പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5740 — 02.07.2014 -ലെ മറുപടിക്ക്.

## സഞ്ജീവനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സഞ്ജീവനി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കാമോ ; | എ) കുടുംബനാഥനും നാഥയ്ക്കും അപകട മരണ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിലൂടെ അപ്രതീക്ഷിത സാഹചര്യങ്ങളെ തരണം ചെയ്യുന്നതിന് കുടുംബാംഗങ്ങളെ സഹായിക്കുക എന്നതാണ് സഞ്ജീവനി പദ്ധതിയുടെ ലക്ഷ്യം. |
| (ബി) ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സർക്കാർ ജീവനക്കാർ/പെൻഷൻ വാങ്ങുന്നവർ/വരുമാന നികുതി അടയ്ക്കുന്നവർ എന്നിവർ ഒഴികെയുള്ള വിഭാഗങ്ങൾക്കാണ് ഈ ആനുകൂല്യം. |
| (സി) എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് പദ്ധതി വഴി ലഭ്യമാവുന്നത്; വിശദമാക്കുമോ ; | സി) കുടുംബനാഥനോ നാഥയോ അപകടത്തിൽ മരണപ്പെട്ടാൽ 2 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നതാണ്. |
| (ഡി) ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം ലഭ്യമാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. നടത്തിപ്പ് സംബന്ധമായ തുടർ നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ